# 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 801** **28-01-2026 - ൽ മറുപടിയ്ക്ക്**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുഖേനയുള്ള നേട്ടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ഒരു കേന്ദ്ര വാണിജ്യ ഇടനാഴിയായി മാറുവാൻ ഒന്നാം ഘട്ടത്തിൽ സാധിച്ചിട്ടുണ്ടോ; തുറമുഖത്തെ കേന്ദ്രീകരിച്ച കൊണ്ടുള്ള വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക്സ്പാർക്കുകൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ എത്ര കണ്ട് വിപുലപ്പെടുത്തുവാൻ നാളിതുവരെ സാധിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | തുറമുഖം പൂർണ ശേഷിയിലേക്കെത്തുന്നതിന് മുന്നോടിയായി, തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള വ്യവസായ–ലോജിസ്റ്റിക് വികസനത്തിന് ആവശ്യമായ നയപരവും ആസൂത്രണപരവുമായ നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു.<br><br>ഔട്ടർ റിംഗ് റോഡ്, ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, വിഴിഞ്ഞം – പുനലൂർ – കൊല്ലം വളർച്ചാ ത്രികോണം തുടങ്ങിയ പദ്ധതികൾക്ക് പ്രാഥമിക അനുമതികൾ ലഭിക്കുകയും നടപ്പാക്കൽ ഘട്ടത്തിലേക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ Multi-Modal Logistics Park, CFS, വെയർഹൗസുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ, FTWZ തുടങ്ങിയ ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി VISL ഭൂമി കണ്ടെത്തൽ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിക്കുകയാണ്.<br><br>അതോടൊപ്പം, IOCL സഹകരണത്തോടെ ബങ്കറിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. Container Corporation of India, Central Warehousing Corporation തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ തുറമുഖത്തോട് ചേർന്ന് ലോജിസ്റ്റിക് സൗകര്യങ്ങൾ സ്ഥാപിക്കാൻ മുന്നോട്ട് വന്നതും ശ്രദ്ധേയമാണ്.<br><br>വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക് പാർക്കുകൾ തുടങ്ങിയവ പൂർണമായി വിപുലപ്പെട്ട ഘട്ടത്തിലേക്ക് ഇനിയും കടക്കാനുണ്ടെങ്കിലും, ഒന്നാം ഘട്ടത്തിൽ തന്നെ വിഴിഞ്ഞം തുറമുഖത്തെ ഒരു പ്രധാന വാണിജ്യ–ലോജിസ്റ്റിക് കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള ശക്തമായ അടിസ്ഥാന സൗകര്യങ്ങളും നിക്ഷേപാന്തരീക്ഷവും സൃഷ്ടിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി റോഡ്/ റെയിൽ മൾട്ടി മോഡൽ കണക്റ്റിവിറ്റി എന്നിവയിൽ നാളിതുവരെ കൈവരിച്ച പുരോഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവെയുമായി ബന്ധിപ്പിക്കുന്ന റെയിൽ പാതയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽ പാതയുടെ പാരിസ്ഥിതികാനുമതി 17/07/2024 ന് കേന്ദ്ര പാരിസ്ഥിതിക വകുപ്പിൽ നിന്നും ലഭിച്ചിട്ടുമുണ്ട്. ബാലരാമപുരം ഭാഗത്തെ സ്ഥലമെടുപ്പ് അന്തിമ ഘട്ടത്തിലാണ്. കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഇ. പി.സി. ടെൻഡർ സർക്കാർ നിയോഗിച്ച ഉന്നത സമിതി പരിശോധിച്ച വരുന്നുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഉടൻ തന്നെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ദക്ഷിണ റെയിൽവെയുടെ ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 km നീളമുള്ള റെയിൽപാതയിൽ, ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം 9.0 km തുരങ്കപാതയായാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>വിഴിഞ്ഞം തുറമുഖത്തേക്കുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിന്, തുറമുഖത്തെ ദേശിയപാത NH66 മായി ബന്ധിപ്പിക്കുന്ന റോഡിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ച വരുന്നു. പോർട്ടിൽ നിന്നും NH66 മായി ബന്ധിപ്പിക്കുന്ന 1.7 km പോർട്ട് റോഡിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പോർട്ട്റോഡ് NH66 മായുള്ള ഇന്റർസെക്ഷൻ NHAI യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പുരോഗമിച്ച കൊണ്ടിരിക്കുന്നു. വിഴിഞ്ഞം തുറമുഖത്ത് നിന്നും തുറമുഖ റോഡും, ഓട്ടർ റിംഗ് റോഡും, ദേശീയപാത NH66-മായി ബന്ധിപ്പിക്കുമ്പോൾ തുറമുഖ പാതയിലും ഓട്ടർ റിംഗ് റോഡിന്റെയും ദേശീയപാതയുടെയും ട്രാഫിക് കണക്കിലെടുത്ത് ഈ ജംഗ്ഷനെ ക്ലോവർലീഫ് ആയി നിർമ്മിക്കുന്നതിനുള്ള ഇന്റർസെക്ഷൻ സ്കീമും NHAI യുടെ പരിഗണനയിലാണ്. ഏകദേശം 14 ഹെക്ടർ ഭൂമി ഇതിന് ആവശ്യമായി വരും എന്ന് കണക്കാക്കുന്നു. ഇതിന് ഏകദേശം 312 കോടി രൂപ പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക NHAI യും കേരള സർക്കാരും 50:50 എന്ന അനുപാതത്തിൽ പങ്കിടുന്നതിൽ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. |
| (സി) | നാളിതുവരെ എത്ര കപ്പലുകൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് വന്നിട്ടുണ്ട്; ഇതിലൂടെ സംസ്ഥാന | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ച 2024 ജൂലൈ 11 മുതൽ 2025 ഡിസംബർ 31 വരെ 670 ഓളം കപ്പലുകൾ |

| | | | |
|---|---|---|---|
| | സർക്കാരിന് നികുതി ഇനത്തിൽ എത്ര രൂപ സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ; | | തുറമുഖത്തിലെത്തുകയും 14,30,000 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയുമുണ്ടായി. ഇതിലൂടെ നികുതിയിനത്തിൽ (GST) 104 കോടി രൂപയും നികുതിയുടെ 50% തുകയായ 52 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാന സർക്കാരും അദാനി കമ്പനിയും തമ്മിലുള്ള ധാരണാപത്രത്തിൽ 2035 മുതൽ മാത്രമേ വരുമാനത്തിന്റെ വിഹിതം സർക്കാരിനു ലഭിക്കുകയുള്ളൂ എന്ന കരാർ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് വരെ തുറമുഖത്തിന്റെ പ്രവർത്തനത്തിൽ നിന്നും ലഭിക്കുന്ന മറ്റു വരുമാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാന സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (AVPPL) 2024-ൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസെഷൻ കരാർ പ്രകാരം 2034 ഡിസംബർ മാസം മുതൽ വരുമാന വിഹിതം സർക്കാരിന് ലഭിക്കുന്ന രീതിയിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br><br>തുറമുഖ പ്രവർത്തനത്തിൽ നിന്നുള്ള വരുമാന വിഹിതത്തിന് പുറമേ GST വകയിൽ സർക്കാരിന് വരുമാനം ലഭിക്കുന്നുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ച 2024 ജൂലൈ 11 മുതൽ 2025 ഡിസംബർ 31 വരെ 670 ഓളം കപ്പലുകൾ തുറമുഖത്തിലെത്തുകയും 14,30,000 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയുമുണ്ടായി. ഇതിലൂടെ 579.66 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും കൂടാതെ, നികുതിയിനത്തിൽ (GST) 104 കോടി രൂപയും ലഭിച്ചിട്ടുണ്ട്. നികുതിയുടെ 50% തുകയായ 52 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ